# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1398** — 02.03.2017-ൽ മറുപടിക്ക്

### ലൈഫ് മിഷൻ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. പി.ടി. തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാവർക്കും പാർപ്പിടം നൽകുന്നതിന് ലൈഫ് മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) നവകേരള മിഷനിൽ ഉൾപ്പെട്ട സമ്പൂർണ്ണ ഭവന നിർമ്മാണ ദൗത്യം (ലൈഫ്) എന്ന പദ്ധതി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി ലക്ഷ്യമിടുന്നു. സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹ ത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകളും ജീവനോപാധികളും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. പാവപ്പെട്ടവർക്ക് ഒരു കൂര എന്നതിലുപരി ഒരോ വീട്ടിലേയും ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, |

| | | | |
|---|---|---|---|
| | | | ചികിൽസക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ എന്നിവയൊക്കെത്തന്നെ ലഭ്യമാക്കി സുരക്ഷിതമായ ഭവനങ്ങളാണ് ലൈഫ് മിഷനിൽ ലക്ഷ്യമിടുന്നത്. വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ, ഓരോ മേഖലയിലും വൈദഗ്ധ്യം തെളിയിച്ചവർ, സംസ്ഥാന കുടുംബശ്രീ മിഷൻ തുടങ്ങി വൻ ജനപങ്കാളിത്തത്തോടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികളാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ തയ്യാറാക്കിയ ഭവനരഹിതരുടെ നിലവിലെ പട്ടികയിൽ വിട്ടുപോയ അർഹരെ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനും സർവ്വേയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.<br>1. നിലവിൽ ലഭ്യമായ ഭവന രഹിതരുടെ വിവിധ പട്ടികകളിൽ (എസ്.ഇ.സി.സി. ഡാറ്റാ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കളുടെ പരിശോധന.<br>2. പട്ടികയിൽ ഇടം പിടിക്കാത്ത ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കാനുള്ള പരിശോധന.<br>3. സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന / വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്തുന്നതിനുള്ള പരിശോധന. |

സെക്ഷൻ ഓഫീസർ.